**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2483** **27-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വായ്പ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഓരോ വാണിജ്യ ബാങ്കും നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ചിട്ടുള്ള വായ്പകളുടെ വിശദാംശം, സംരംഭകരുടെ പേര്, വിലാസം, വായ്പാത്തുക, സബ്സിഡി, സംരംഭത്തിന്റെ സ്വഭാവം, സൃഷ്ടിച്ച തൊഴിലവസരങ്ങൾ എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (എ) | സംരംഭക വായ്പാ പദ്ധതി സർക്കാരിന്റെ സംരംഭക വർഷം പദ്ധതിക്ക് (ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി) സഹായകരമാകുന്ന രീതിയിൽ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ യൂണിറ്റുകൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% -ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണ്. ആയതിന്റെ ഭാഗമായി ഉല്പാദന, സേവന, വ്യാപാര മേഖലയിൽ ബാങ്ക് വായ്പയെടുത്ത് 01/04/2022 -നോ അതിന് ശേഷമോ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിളവ് ആനുകൂല്യം നൽകുന്നതിനായി "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെ ഈട് രഹിത വായ്പയായി നൽകുന്ന കേരള എന്റർപ്രൈസസ് ലോൺ സ്കീം നിലവിലുണ്ട്. തിരിച്ചടവ് 6 മാസം പിന്നിടുന്ന മുറയ്ക്ക് പലിശ ഇളവ് റീ ഇംമ്പേഴ്സ് ചെയ്ത് നൽകുന്നതാണ്.<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ് ഫോം തയ്യാറാക്കിയിട്ടുണ്ട്. സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ 2022 ഡിസംബർ വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ എം.എസ്.എം.ഇ മേഖലയ്ക്കായി മുൻ സാമ്പത്തിക വർഷം നൽകിയ തുകയേക്കാൾ 10356 കോടി രൂപയുടെ ലോൺ അധികമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ